**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം നാളിതുവരെ കോളേജ് അധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത്; വിശദമാക്കാമോ; | (എ) | അർഹമായ എല്ലാ ആനുകൂല്യങ്ങളും ഈ സർക്കാർ വന്ന ശേഷം അധ്യാപകർക്ക് നൽകിയിട്ടുണ്ട്. 2016 മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ ശമ്പള സ്കെയിലിലെ ശമ്പളം അടിയന്തിരമായി നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2016 മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ ശമ്പള സ്കെയിലിലെ ശമ്പളം എന്നത്തേക്ക് നൽകാൻ കഴിയുമെന്നറിയിക്കാമോ; | (ബി) | അർഹമായ എല്ലാ ആനുകൂല്യങ്ങളും ഈ സർക്കാർ വന്ന ശേഷം അധ്യാപകർക്ക് നൽകിയിട്ടുണ്ട്. 2016 മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ ശമ്പള സ്കെയിലിലെ ശമ്പളം അടിയന്തിരമായി നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകൾ പുതുക്കി പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാർ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | യു.ജി.സി ഏഴാം ശമ്പള പരിഷ്കരണത്തിനായി 29.06.2019ലെ GO(P)No.18/2019/HEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ധനകാര്യവകുപ്പ് 2020 ജനുവരിയിൽ നടത്തിയ യോഗ തീരുമാനപ്രകാരം എയ്ഡഡ് കോളേജിലെ ശമ്പള പരിഷ്കരണം സ്പാർക്കിൽ ചെയ്യുന്നതിന് നടപടി എടുത്തു. യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തിലെ മുൻകൂർ ഇൻക്രിമെന്റ് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശവും 2018 യു.ജി.സി റഗുലേഷനിലെ നിർദ്ദേശവും വിരുദ്ധമായിരുന്നു. 29.06.2019ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം മുൻകൂർ ഇൻക്രിമെന്റ് ആനുകൂല്യം നിർത്തലാക്കിയിരുന്നു. ടി ഉത്തരവിലെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ചും മറ്റു ചില നിർദ്ദേശങ്ങളിലും വ്യക്തത വരുത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടിരുന്നു. 19.06.2019ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യക്തത വരുത്തിക്കൊണ്ട് 06.11.2020ലെ GO(P)No.38/2020/HEDN പ്രകാരം സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തു. ഏഴാം ശമ്പള |

| | | | |
|---|---|---|---|
| | | | പരിഷ്കരണം നടത്തുന്നതിനായി 06.11.2020ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ഓപ്ഷൻ സമർപ്പിക്കാൻ എല്ലാ കോളേജ് അധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴാം ശമ്പള പരിഷ്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ജാഗ്രത കുറവ് ഉണ്ടായിട്ടില്ല . |

സെക്ഷൻ ഓഫീസർ